# Dakshina Kerala Jam-iyyathul Ulama

## പെരുന്നാൾ സന്ദേശം " അല്ലാഹു അക്ബർ "

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

وَلَذِكْرُ ٱللَّهِ أَكْبَرُ ۗ وَٱللَّهُ يَعْلَمُ مَا تَصْنَعُونَ ﴿عنكبوت:٤٥﴾

ഏവർക്കും ഹൃദ്യമായ ഈദ് ആശംസകൾ.

تقبل الله منا ومنكم صالح الأعمال

➢ ഈദുൽഫിത്വറിന്റെ അനുഗ്രഹീത ദിവസമാണിന്ന്. ഒരുമാസം നീണ്ടുനിന്ന ത്യാഗ പൂർണ്ണമായ നോമ്പ്, ഇബാദത്തുകൾ വിജയകരമായി പൂർത്തിയാക്കിയതിന്റെ സന്തോഷ ദിനം. അതിന്റെ പ്രതിഫലമായി അല്ലാഹു പാപമോചനവും സ്വർഗ്ഗവും വിതരണം ചെയ്യുന്ന ദിവസം.

عَنِ ابْنِ عَبَّاسٍ ، قال النَّبِيّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ... فَيَقُولُ الله : فَإِنِّي أُشْهِدُكُمْ يَا مَلائِكَتِي أَنِّي قَدْ جَعَلْتُ ثَوَابَهُمْ مِنْ صِيَامِهِمْ شَهْرَ رَمَضَانَ وَقِيَامِهِمْ رِضَائِي وَمَغْفِرَتِي (ابن حبان)

അതുകൊണ്ടാണ് പെരുന്നാൾ സന്ദേശം ഇപ്രകാരമായത്.

➢ ദിവസത്തിന്റെ സന്ദേശം "അല്ലാഹു അക്ബറി"ന്റെ സന്ദേശമാണ്. പിറ കണ്ടതുമുതൽ എങ്ങും ഈ തക്ബിർ ധ്വനികൾ. പള്ളിയിൽ, വഴിയിൽ, വീട്ടിൽ...പെരുന്നാൾ നിസ്ക്കാരവും മറ്റ് നിസ്ക്കാരങ്ങളും തമ്മിലുള്ള മാറ്റം തക്ബീറാണ്. പെരുന്നാൾ ഖുതുബയും മറ്റ് ഖുതുബയും തമ്മിലുള്ള വ്യത്യാസവും അതു തന്നെ.

➢ "അല്ലാഹു അക്ബർ" ബാങ്കിന്റെയും ഇഖാമത്തിന്റെയും ആത്മാവാണ്. ഏറ്റവും വലിയ ഇബാദത്തായ നിസ്ക്കാരത്തിന്റെ പ്രവേശന കവാടം. (തക്ബീറത്തുൽ ഇഹ്റാം) തുടർന്ന് നിരന്തരം.

➢ യുദ്ധത്തിന്റെ വിജയഭേരിയും തക്ബീർ തന്നെ. ഖൈബർ വിജയത്തിന്റെ പ്രസ്താവന നടത്തിക്കൊ ˇ നബി (സ്വ) പറഞ്ഞു.

عَنْ أَنَسِ بْنِ مَالِكٍ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ حِينَ خَرَجَ إِلَى خَيْبَرَ ... " اللَّهُ أَكْبَرُ . خَرِبَتْ خَيْبَرُ . إِنَّا إِذَا نَزَلْنَا بِسَاحَةِ قَوْمٍ ، فَسَاءَ صَبَاحُ الْمُنْذَرِينَ (ترمذي)

(=അല്ലാഹു അക്ബർ. ഖൈബർ തകർന്നു. നാം ഒരു സമൂഹത്തിന്റെ അങ്കണത്തിലെത്തിയാൽ താക്കീതുകാർക്ക് മോശം പ്രഭാതം തന്നെ.)

➢ തിരുനബി (സ്വ) സംസാരിച്ചുതുടങ്ങിയപ്പോൾ ആദ്യം മൊഴിഞ്ഞത് അല്ലാഹു അക്ബർ ആയിരുന്നു.

عن ابن عباس قال كانت حليمة تحدث بأنها أول ما فطمت رسول الله صلى الله عليه وسلم تكلم فقال: "الله أكبر كبيرًا والحمد لله كثيرًا وسبحان الله.(بيهقي)

ഇത് തക്ബീറിന്റെ വലിപ്പത്തെ സൂചിപ്പിക്കുന്നു. ഒരു കുട്ടിയുടെ ചെവിയിൽ ആദ്യം കേൾപ്പിക്കേണ്ടതും ഇത് തന്നെയാണല്ലോ?

➢ അല്ലാഹു അക്ബർ എന്നാൽ അല്ലാഹു ഏറ്റവും വലിയവൻ എന്നാണ്. മനുഷ്യൻ വലിപ്പം കാണുന്ന എല്ലാം അതിന്റെ താഴെയാണ്. ഭാര്യാമക്കൾ, വീട്, കച്ചവടം, തൊഴിൽ, സമ്പത്ത്, അധികാരം.... അഥവാ അല്ലാഹുവിന്റെ താൽപ്പര്യത്തോട് അവയുടെ താൽപ്പര്യം എതിരായാൽ അല്ലാഹുവിന്റെ ഇഷ്ടാനിഷ്ടങ്ങൾ ഏറ്റവും വലുതായിരിക്കണം. അതിലുപരി മറ്റൊന്നിനും സ്ഥാനമുണ്ടാകരുത്. ഇഷ്ടപ്പെടരുത്.

وَالَّذِينَ آمَنُوا أَشَدُّ حُبًّا لِّلَّهِ ۗ ﴿ البقرة:١٦٥﴾

➢ മറിച്ച് അവക്ക് അല്ലാഹുവിനേക്കാൾ പരിഗണന നൽകുന്നത് കടുത്ത തിന്മയാണ്. വൻദുരന്തമാണ്.

قُلْ إِن كَانَ آبَاؤُكُمْ وَأَبْنَاؤُكُمْ وَإِخْوَانُكُمْ وَأَزْوَاجُكُمْ وَعَشِيرَتُكُمْ وَأَمْوَالٌ اقْتَرَفْتُمُوهَا وَتِجَارَةٌ تَخْشَوْنَ كَسَادَهَا وَمَسَاكِنُ تَرْضَوْنَهَا أَحَبَّ إِلَيْكُم مِّنَ اللَّهِ وَرَسُولِهِ وَجِهَادٍ فِي سَبِيلِهِ فَتَرَبَّصُوا حَتَّىٰ يَأْتِيَ اللَّهُ بِأَمْرِهِ ۗ وَاللَّهُ لَا يَهْدِي الْقَوْمَ الْفَاسِقِينَ ﴿ توبة:٢٤﴾

തക്ബീർ നാവുകൊ ് പറയുകയും ജീവിതം അതിനെതിരാവുകയും ചെയ്യുന്നതിനെതിരെ എല്ലാ ഖുതുബകളിൽ താക്കീത് നൽകപ്പെടുന്നു.

وَلَذِكْرُ ٱللَّهِ أَكْبَرُ ۗ وَٱللَّهُ يَعْلَمُ مَا تَصْنَعُونَ ﴿عنكبوت:٤٥﴾

ഈ സന്ദേശം ഉയർത്തിപ്പിടിക്കുക. റമളാൻ കൊണ്ട് നേടിയ നന്മകൾ നിലനിർത്തുക ഒരിക്കൽക്കൂടി ആശംസകൾ

تقبل الله منا ومنكم صالح الأعمال